# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.479

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതിയിലുൾപ്പെട്ട വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട വൈപ്പിൻ നിയോജക മണ്ഡലത്തിലെ വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡ്, പിഴല-കടമക്കുടി പാലം എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;<br>(ബി) ഡി.പി.ആർ. സമയബന്ധിതമായി സമർപ്പിച്ചിട്ടില്ലായെങ്കിൽ ഇവർക്കെതിരെ കൃത്യവിലോപത്തിന് നടപടി സ്വീകരിക്കാമോ? | 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ 'വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡ്', 'പിഴല-കടമക്കുടി പാലം' എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതപ്പെടുത്തികൊണ്ട് 10.07.2017 ലെ സ.ഉ. (സാധാ) നം.942/2017/PWD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കേണ്ടത് ഭരണവകുപ്പ് ചുമതപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസി ആയ കേരള റോഡ് ഫണ്ട് ബോർഡ് ആണ്. സമയബന്ധിതമായി ഡി.പി.ആർ സമർപ്പിക്കുന്നതിന് വേണ്ട മേൽനോട്ടവും നിർദേശങ്ങളും നൽകി പദ്ധതി റിപ്പോർട്ട് നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതും ആവശ്യമെങ്കിൽ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിയുടെ ഉടമസ്ഥാവകാശമുള്ള ഭരണ വകുപ്പാണ് . |

സെക്ഷൻ ഓഫീസർ